305828/2020/F DCKKD

**മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് 15/05/2020 ന് ഉച്ചയ്ക്ക് 12 മണിക്ക് ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ മിനുട്സ്.**

യോഗത്തിൽ നേരിട്ടും വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

യോഗം 12 മണിക്ക് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ആരംഭിച്ചു.മഴക്കാല പൂർവ്വ മുന്നൊരുക്കങ്ങളുടെയും മഴക്കാല ദുരന്തങ്ങളെയും കൃത്യതയോടെയും തയ്യാറെടുപ്പുകളോടെയും കൂടി നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും ജില്ലാ കലക്ടർ ആമുഖ പ്രസംഗത്തിൽ ആവശ്യപ്പെട്ടു.എല്ലാ വകുപ്പുകളും അവരിൽ നിക്ഷിപ്തമായ വകുപ്പുതല തയ്യാറെടുപ്പുകൾ നടത്തണമെന്നും ഡി ഡി എം എ ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ കൂട്ടിച്ചേർത്തു.കൊവിഡ് ജാഗ്രത എന്ന പോലെ ആരോഗ്യ ജാഗ്രത പദ്ധതി രൂപീകരിക്കണമെന്നും ജില്ലാ കലക്ടർ ആവശ്യപ്പെട്ടു.

കാലവർഷ.തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ രേഖ യോഗത്തിൽ അവതരിപ്പിച്ചു.നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഗൈഡ് ലൈൻസ് പ്രകാരമുള്ള ജില്ലാ തല/താലൂക്ക് തല ദുരന്ത പ്രതികരണ ചുമതലകൾ യോഗത്തിൽ ചർച്ച ചെയ്തു. ജില്ലാ തല/താലൂക്ക് തല ഇൻസിഡെന്റ് റെസ്പോൺസ് സിസ്റ്റത്തിന്റെ ചുമതല വഹിക്കേണ്ട ഉദ്യോഗസ്ഥരുടെ പട്ടിക യോഗത്തിൽ അംഗീകരിച്ചു.

യോഗ തീരുമാനങ്ങൾ.

1. ജില്ലയിലെ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിൽ റവന്യൂ,പോലീസ് (പോലീസ് VHF റേഡിയോ സഹിതം),അഗ്നി ശമന സേന അന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഷിഫ്റ്റ് വ്യവസ്ഥയിൽ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂമും താലൂക്ക് തല കൺട്രോൾ റൂമും തൽസ്ഥിതിയിൽ തുടരേണ്ടതാണ്.

2. എല്ലാ അണക്കെട്ടുകളുടെയും റെഡ്,ഓറഞ്ച്,നീല എന്നീ അലർട്ടുകൾ ജല നിരപ്പുകളും റൂൾ കെർവ് അനുസരിച്ച് ഏത് സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നു വിടും എന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ജലസേചന വകുപ്പും കെ എസ് ഇ ബി യും മെയ് 31 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.ഇത്തരത്തിൽ ലഭിക്കുന്ന വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് ഉചിതമായ നിർദ്ദേശങ്ങൾ സഹിതം അനുമതി നൽകി എന്ന് ഉറപ്പു വരുത്തുക.ഈ അംഗീകൃത പദ്ധതി അനുസരിച്ചു മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടാൻ പാടുള്ളൂ.ഫ്ലഡ് സോൺ മാപ്പിംഗ് നടത്തേണ്ടതും ഏതെല്ലാം പ്രദേശങ്ങൾ ഒഴിപ്പിക്കണമെന്ന് മുൻകൂട്ടി കണ്ടെത്തേണ്ടതുമാണ്.വെള്ളപ്പൊക്കം തടയുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയതിന് ധവള പത്രം ഇറക്കേണ്ടതുമാണ്.

3. ജലസേചന വകുപ്പിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ജില്ലയിലെ മഴയും ജലവും അണക്കെട്ടിലെ ജലനിരപ്പും സംബന്ധിച്ച വിവരങ്ങൾ

അതതു ദിവസം ക്രോഡീകരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകുവാൻ ചുമതലപ്പെടുത്തുക. പുഴകളിലെയും അണക്കെട്ടുകലിലെയും ജലനിരപ്പുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യം എന്തെങ്കിലും പ്രദേശത്ത് ഉണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുവാനും പ്രസ്തുത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക.

അതാത് ദിവസത്തെ മഴയുടെ അളവ്, പുഴകളിലെ ജലനിരപ്പ് എന്നിവ എക്സൽ ഫയൽ ആയി സൂക്ഷിക്കുകയും ആയത് അവലോകനം ചെയ്ത് വെള്ളപ്പൊക്ക സാധ്യത ജില്ലാ അതോറിറ്റിയെ ദിവസവും അറിയിക്കുകയും ചെയ്യുക.

4. മഴക്കാല സാംക്രമിക രോഗങ്ങൾ തടയുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും ടി പ്രവർത്തനങ്ങൾക്കായി ഒരു മോണിറ്ററിംഗ് സിസ്റ്റം രൂപികരിക്കണമെന്നും ജില്ലാ കലക്ടർ ആവശ്യപ്പെട്ടു. ഇതിനാവശ്യമായ ഗംബൂട്ട്, ഗ്ലൗസ് എന്നിവ സജ്ജീകരിക്കേണ്ടതുമാണ്.

5. മഴക്കാലത്ത് കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നത് സൌജന്യമാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഗണിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. സ്കൂളിലെ ലാബുകളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം യോഗം പരിഗണിച്ചു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനം, ദേശീയ തൊഴിലുറപ്പ് സംവിധാനം, ജലസേചനം എന്നീ വകുപ്പുകൾ ചേർന്ന് പുഴകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും ടിം രൂപീകരിക്കാനും തീരുമാനമായി. ടി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മൂന്ന് വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ജില്ലാ തല അടിയന്തിര ഘട്ട കൺട്രോൾ റൂം ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ തോടുകളും ചാലുകളും തടസ്സങ്ങൾ നീക്കിയത് മേജർ ഇറിഗേഷൻ,മൈനർ ഇറിഗേഷൻ ടീം പരിശോധിക്കേണ്ടതാണ്.

7. കോർപ്പറേഷൻ പരിധിയിലെ മൈനർഅഴുക്കുചാലുകൾ വൃത്തിയാക്കുന്ന പ്രവർത്തി ഒന്നാം ഘട്ടം പൂർത്തിയാക്കിയതായും രണ്ടാം ഘട്ടം പുരോഗതിയിലാണെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. മേജർ അഴുക്കുചാലുകൾ വൃത്തിയാക്കുന്ന പ്രവർത്തി പുരോഗമിക്കുകയാണെന്നും അറിയിച്ചു. മേൽ വിഷയത്തിൽ എല്ലാവിധ പ്രവർത്തനങ്ങളും പൂർത്തിയാക്കി DDMA മുമ്പാകെ വിശദ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു. കൂടാതെ മാലിന്യങ്ങൾ വരുന്ന ഉറവിടങ്ങളുടെ എണ്ണം കുറക്കുന്നതിനായി ഉറവിട സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതായും കോർപ്പറേഷൻ സെക്രട്ടറി കൂട്ടിചേർത്തു.

8. ദുരന്ത സാധ്യത മുന്നിൽകണ്ട് ആവശ്യമായ ഉപകരണങ്ങൾക്ക് ( ജെ. സി. ബി, ക്രെയിൻ,

ബയോടോയിലറ്റ്, ജനറേറ്റർ തുടങ്ങിയവ) റേറ്റ് കോൺട്രാക്ട് തയ്യാറാക്കി മെയ്31 നകം സമർപ്പിക്കുവാൻ തഹസിൽദാർമാർക്ക് നിർദ്ദേശം നൽകി. ടി ഉപകരണങ്ങളുടെ ഉടമകളിൽ നിന്നും ബന്ധപ്പെടാൻ ഒന്നിൽ കൂടുതൽ മൊബൈൽ നമ്പറുകൾ ശേഖരിക്കേണ്ടതുമാണ്.

9. ജില്ലാ ദുരന്ത നിവാരണ പ്ലാൻ മെയ്31 നകം തയ്യാറാക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് ഡെപ്യൂട്ടി കളക്ടർക്ക് നിർദ്ദേശം നൽകി.

10. കഴിഞ്ഞ പ്രളയകാലത്ത് വഴിയരികിലെ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നത് ഫലപ്രദമായ് നടന്നില്ലെന്നും, ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് മുറിച്ചുമാറ്റേണ്ട അപകടകരമായ് നിൽക്കുന്ന മരങ്ങളുടെ പട്ടിക തയ്യാറാക്കണമെന്നും നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

11. സ്കൂളുകളിൽ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പി.ടി,എ യുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടു. ടി വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയും,വില്ലേജ് ഓഫീസറും പരിശോധന നടത്തി നടപടിക്രമം പി.ടി.എ യ്ക്ക് നൽകണമെന്നും, പി.ടി.എ യ്ക്ക് മരം മുറിച്ചുമാറ്റാവുന്നതാണെന്നും തീരുമാനമായി. സ്കൂളുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായ് പ്രവർത്തികൾ മെയ്31 നകം അടിയന്തിരമായ് തീർക്കണമെന്നും, ഓരോ ആഴ്ച്ചയിലും യോഗം ചേരണമെന്നും നിർദ്ദേശിച്ചു. പുതിയ അധ്യയന വർഷത്തിൽ സ്കൂളുകളിൽ ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ ആരോഗ്യ സുരക്ഷാ മുൻകരുതലുകൾ ഒരുക്കണമെന്നും ആവശ്യപ്പെട്ടു. കൂടാതെ , ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റാൻ സാധ്യതയുള്ളതിനാൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത് DDE യുടെ ചുമതലയാണെന്നും ഇതിനായ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതി സ്വീകരിക്കാമെന്നും ജില്ലാ കളക്ടർ ആഭിപ്രായപ്പെട്ടു.

12. കടലാക്രമണം കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനായ് കടൽഭിത്തി നിർമ്മാണ പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചതായ് ഇറിഗേഷൻ വകുപ്പ് അറിയിച്ചു. പൂനൂർ പുഴയുമായ് ബന്ധപ്പെട്ട് കോർപ്പറേഷൻ മേഖലയിലെ യോഗം ചേർന്ന് പുഴയുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്നവയെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

13. തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കുക. അടിയന്തിര ഘട്ടങ്ങളിൽ കടൽ തീരത്തെ വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ കടൽഭിത്തികൾക്ക് ബലം കുറഞ്ഞ സ്ഥലങ്ങളിൽ മണൽ നിറച്ച കയർ ചാക്കുകളോ ജിയോട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബോട്ട്, കപ്പൽ അപകടങ്ങൾ ഉണ്ടായാൽ പെട്ടെന്ന് തിരച്ചിൽ നടത്തുന്നതിനായി സ്പീഡ്

ബോട്ടുകൾ മത്സ്യബന്ധനവകുപ്പ് കരാർ അടിസ്ഥാനത്തിൽ എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ലഭ്യമാക്കേണ്ടതാണ്.കടൽ ക്ഷോഭം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്കും തീരദേശ നിവാസികൾക്കും സമയ ബന്ധിതമായി ഫിഷറീസ് വകുപ്പ് നൽകേണ്ടതാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായ് ഫൈബർ, യന്ത്ര വൽകൃത ബോട്ടുകൾ സജ്ജീകരിച്ച് നിർത്തണമെന്നും, അടിയന്തിര ഘട്ടങ്ങളിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആധുനിക ആശയവിനിമയ സംവിധാനങ്ങൾ തയ്യാറാക്കണമെന്നും നിർദ്ദേശിച്ചു. 'കടൽ ചങ്ങായ് ' ആപ്പ് പുനരുപയോഗിക്കുന്നതുമായ് ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ, ഡി.ഡി ഫഷറീസുമായ് ചർച്ച ചെയ്യണമെന്നും കൂട്ടിച്ചേർത്തു.ഇതിനായി ടെക്നിക്കൽ വളണ്ടിയർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

14. അണക്കെട്ടുകൾ തുറക്കുന്നതിനുമുൻപുള്ള നടപടിക്രമങ്ങൾ കൃത്യമായ് പാലിക്കണമെന്ന് കെ. എസ്. ഇ. ബി കക്കയം സബ്ഡിവിഷൻ എക്സി. എൻജിനീയർക്ക് നിർദ്ദേശം നൽകി.36 മണിക്കൂറിനു മുമ്പായി വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്.

15. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായ് ഫൈബർ, യന്ത്ര വൽകൃത ബോട്ടുകൾ സജ്ജീകരിച്ച് നിർത്തണമെന്നും, അടിയന്തിര ഘട്ടങ്ങളിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആധുനിക ആശയവിനിമയ സംവിധാനങ്ങൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു. 'കടൽ ചങ്ങായ് ' ആപ്പ് പുനരുപയോഗിക്കുന്നതുമായ് ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ, ഡി.ഡി ഫഷറീസുമായ് ചർച്ച ചെയ്യണമെന്നും കൂട്ടിച്ചേർത്തു.

16. ആശുപത്രികളുടെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തേണ്ടതും ആശുപത്രികൾ വൃത്തിയാക്കേണ്ടതും ആവശ്യമായ ചികിത്സ ഉറപ്പുവരുത്തേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസറുടെ ചുമതലയാണെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

17. എല്ലാ സ്കൂളുകളിലും ടോയിലെറ്റ് ക്ലീനിംഗിനായി മാത്രം ഒരാളെ നിയമിച്ചിട്ടുണ്ടെന്നും അയാൾക്ക് വേതനം ജില്ലാ പഞ്ചായത്ത് നൽകുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻഡ് അറിയിച്ചു.

18. പ്രാണ, വർഷ, സരസ് പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് DDP യ്ക്ക് നിർദ്ദേശം നൽകി.

19. പ്രാണ, വർഷ, സരസ് എന്നീ പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തിരമായി ചെയ്യണമെന്നും വിഷയത്തിൽ DDP യുടെ പ്രത്യേക ശ്രദ്ധ വേണമെന്നും ആവശ്യപ്പെട്ടു.

20. എല്ലാ താലൂക്കുകളിലും ഉള്ള സപ്ലൈ ഓഫീസർമാർ മുഖാന്തിരം 100 കിലോ അരി,50 കിലോ

പയർ,10 കിലോ എണ്ണ,75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ജില്ലാ സപ്ലൈ ഓഫീസർ ചെയ്യേണ്ടതാണ്.ക്യാമ്പുകളിൽ ആവശ്യമായ എല്ലാ ഭക്ഷ്യധാന്യങ്ങളും സപ്ലാകോ,കൺസ്യൂമർ ഫെഡ് എന്നിവിടങ്ങളിൽ നിന്നു മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.എതെങ്കിലും സാഹചര്യത്തിൽ ഈ വസ്തുക്കൾ പുറത്തു നിന്നും വാങ്ങേണ്ടി വരികയാണെങ്കിൽ ആ വസ്തു ലഭ്യമല്ല എന്നുള്ള സാക്ഷ്യപത്രം അനുവദിക്കേണ്ടതുമാണ്.

21. ഒഴിപ്പിക്കൽ,രക്ഷാപ്രവർത്തനങ്ങളുടെ സുരക്ഷാ ചുമതല പോലീസിനായിരിക്കും. കാലാവസ്ഥാ മുന്നറിയിപ്പുകളും ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിപ്പിക്കുന്ന നിർദ്ദേശങ്ങളും എല്ലാ അഗ്നി സുരക്ഷാ സ്റ്റേഷനുകളിലും എത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കൺട്രോൾ റൂമിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽഒരു ഫയർമാൻ ദിവസം മുഴുവൻ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ജില്ലാ ഫയർ ഓഫീസറുടെ ചുമതലയാണ്.

22. ജില്ലയിലെ ശുചീകരണവുമായി ബന്ധപ്പെട്ട് ഹരിത കേരള മിഷൻ ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതാണെന്ന് ജില്ലാ കലക്ടർ നിർദ്ദശിച്ചു.

23. നേരത്തെ പ്രളയത്തിൽ മുങ്ങിപ്പോയിരുന്ന എല്ലാ ട്രാൻസ്ഫോർമറുകളും ഇനിയും മുങ്ങാത്ത വിധത്തിൽ ഉയരത്തിൽ സ്ഥാപിക്കാനുള്ള നടപടി വൈദ്യുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

യോഗം 2 മണിക്ക് അവസാനിച്ചു.

Sambasiva Rao S.

ജില്ലാ കലക്ടർ